# യുവജനദിനം 2018 ജൂലൈ 8, ഞായർ

*Prot. No. 01/2018/P.L.*

വന്ദ്യ വൈദികരേ, സന്ന്യസ്തരേ, വത്സല മക്കളേ,

കേരള കത്തോലിക്കാ മെത്രാൻ സമിതി 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ! 2018 ഒക്ടോബർ മാസം റോമിൽ വച്ച് നടത്തപ്പെടുന്ന യുവജന സിനഡിന്റെ പശ്ചാത്തലത്തിലാണ് കേരളസഭ യുവജനവർഷംപ്രഖ്യാപിച്ചത്. റോമിലെ യുവജന സിനഡിൽ മെത്രാന്മാർ ചർച്ച ചെയ്യുന്നത് യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ എന്നീ വിഷയങ്ങളാണ്. ആഗോള കത്തോലിക്കാസഭ യുവത്വത്തിന്റെ പ്രത്യേകതകളെ ഗൗരവമായി സിനഡിലൂടെ പഠനത്തിന് വിധേയമാക്കുമ്പോൾ കേരളസഭയ്ക്ക് യുവജനങ്ങളെപ്പറ്റി ആഴമായി പഠിക്കുവാനും അവർക്കുവേണ്ടി പ്രാർഥിക്കാനും അവരെ കേൾക്കാനും അംഗീകരിക്കാനും അവരുടെ സർഗ്ഗശക്തിയെ വിശ്വാസത്തിന്റെയും നന്മയുടെയും ദിശയിലേക്ക് നയിക്കാനും സാധിക്കണം.

നാളത്തെ സഭയും, സമൂഹവും, രാഷ്ട്രവുമായ യുവജനങ്ങളെ നാം കാര്യമായി കരുതുകയും അവരുടെ സമഗ്രമായ വികസനം നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാക്കുകയും ചെയ്യേണ്ടതാണ്. ആഗോളസഭ യുവജന സിനഡും കേരളസഭ യുവജന വർഷവും ആചരിക്കുമ്പോൾ സഭയിൽ യുവജനപങ്കാളിത്തം ആനുപാതികമായി എല്ലാ പ്രവർത്തനമേഖലയിലും ഉറപ്പാക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. കത്തോലിക്കാ സഭയിലെ ഭൂരിഭാഗം യുവജനങ്ങളും നമ്മുടെ യുവജന സംഘടനയിൽ പങ്കാളികളല്ല. മുതിർന്ന അല്മായരോടൊപ്പം സ്ത്രീകൾക്കും യുവജനങ്ങൾക്കും സഭയിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കി അവരെ കൂടുതൽ സഭയോടു ചേർത്ത് നിർത്താൻ പരിശ്രമിക്കേണ്ടതാണ്.

കൊല്ലം രൂപതയിൽ യുവജനവർഷ പ്രവർത്തനങ്ങൾ ഏറ്റവും ഭംഗിയായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. കത്തോലിക്കാ യുവജനങ്ങളുടെ സമഗ്രവികസനത്തിനും ആദ്ധ്യാത്മിക വളർച്ചയ്ക്കും ഉതകുന്നതരത്തിൽ യുവജനശുശ്രൂഷാ പ്രവർത്തനങ്ങളെ ആദ്ധ്യാത്മികം, വിദ്യാഭ്യാസം, സാമൂഹികം, കായികം എന്നിങ്ങനെ നാലു വ്യത്യസ്ത തലങ്ങളിലായി ക്രമീകരിച്ച് പരിപാടികൾ നടപ്പിലാക്കി വരികയാണ്. ആദ്ധ്യാത്മിക രംഗത്ത് യുവജനങ്ങൾ ഏറെ പിന്നോക്കം പോകുന്നുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ക്രിസ്തുസ്നേഹത്തിന്റെ വക്താക്കളായി പ്രാർത്ഥനാ നിരതരായ ഒരു നവയുവജനസമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ രൂപതാ - ഫെറോന തലങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകളും യുവജന ധ്യാനങ്ങളുമാണ് ഈ യുവജന വർഷത്തിൽ നാം ക്രമീകരിച്ചിട്ടുള്ളത്. യുവജനങ്ങളെ ക്രിസ്തുപ്രേഷിതരാക്കുവാൻ ഇത്തരം പ്രാർത്ഥനാ കൂട്ടായ്മകൾ സഹായിക്കും.

യുവജന സമൂഹത്തിന്റെ സമഗ്രമുന്നേറ്റത്തിന് ഏറ്റവും അത്യാവശ്യമായി വേണ്ടത് വിദ്യാഭ്യാസ രംഗത്തെ പുരോഗതിയാണ്. പ്രത്യേകിച്ച് വിവരസാങ്കേതിക വിപ്ലവത്തിന്റെ ഈ കാലത്ത് മികച്ച വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെ കത്തോലിക്കാ യുവജന സമൂഹത്തിന്റെ വളർച്ചയും വികാസവും സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ രൂപതാ-ഫെറോന-ഇടവക തലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ ഉന്നത വിദ്യാഭ്യാസത്തെപ്പറ്റിയും കോഴ്സുകളെപ്പറ്റിയും പ്രതിപാദിക്കുന്ന സെമിനാറുകൾ, എക്സിബിഷനുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവയും കർമ്മപരിപാടികളുടെ ഭാഗമാണ്.

സാമൂഹ്യപ്രതിബദ്ധമായ വിഷയങ്ങളിൽ ഇടപെടുന്നതിനും കത്തോലിക്കാ യുവജന സമൂഹത്തെ കർമ്മനിരതരാക്കുന്നതിനും, കായികരംഗത്ത് സമഗ്ര വളർച്ച കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ യുവജനവർഷത്തോടനുബന്ധിച്ച് നടപ്പിലാക്കിവരികയാണ്. രൂപതാതലത്തിൽ കത്തോലിക്കാ യുവജനങ്ങൾക്കായി ബിഷപ്പ് ജെറോം അനുസ്മരണ ഫുട്ബോൾ ടൂർണമെന്റ് നാം നടപ്പിലാക്കി കഴിഞ്ഞു. അതിന്റെ ചുവടുപിടിച്ച് രൂപത ഫെറോന തലങ്ങളിൽ മറ്റു കായിക മാമാങ്കങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു നവയുവജനസമൂഹത്തെ വാർത്തെടുക്കുവാൻ ഇത്തരം പ്രവർത്തനങ്ങൾ നമ്മെ സഹായിക്കും.

ഈ യുവജനവർഷത്തിൽ അതിനാൽത്തന്നെ യുവജനദിനം ഏറെ പ്രാധാന്യമർഹിക്കുന്നു. രൂപതാതലത്തിൽ യുവജനദിനം ഏറ്റവും സമുചിതമായിട്ടാണ് ആഘോഷിക്കപ്പെടുന്നത്. യുവജനദിനത്തോടനുബന്ധിച്ച് യുവജനങ്ങൾക്കായി ഒരു ദ്വിദിന പരിശീലന ക്യാമ്പാണ് രൂപതാതലത്തിൽ സംഘടിപ്പിക്കുന്നത്. ക്രിസ്തീയ മൂല്യങ്ങളിൽ മുന്നോട്ടുനടക്കുന്ന നല്ല യുവജനനേതാക്കന്മാരെ വാർത്തെടുക്കുകയെന്നത് ഈ ക്യാമ്പിന്റെ ലക്ഷ്യമാണ്. ഈ യുവജനദിനം എല്ലാ ഇടവകകളും ഏറ്റവും സമുചിതമായി തന്നെ ആഘോഷിക്കണം. ജൂലൈ 8 ഞായറാഴ്ച ദിവസത്തെ ദിവ്യബലിയ്ക്ക് നേതൃത്വം നൽകേണ്ടതും ക്രമീകരിക്കേണ്ടതും ഓരോ ഇടവകയിലെയും യുവജനങ്ങളാണ്. യുവജനശുശ്രൂഷാസമിതി അംഗങ്ങൾ, ഇടവകയിലെ കെ.സി.വൈ.എം., ജീസസ് യൂത്ത് തുടങ്ങിയ യുവജന സംഘടനകളുടെ നേതൃത്വത്തിൽ ദിവ്യബലി ഏറ്റവും സജീവവും ഭക്തിനിർഭരവുമായി ക്രമീകരിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇടവകതലങ്ങളിൽ യുവജനദിനത്തോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ഉചിതമായിരിക്കും.

യുവജനവർഷ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ നമ്മുടെ ഏവരുടെയും സഹായവും സഹകരണവും ആവശ്യമാണ്. യുവജനവർഷപ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ഓരോ ഇടവകയിൽ നിന്നും അതിനുവേണ്ട സഹായം നൽകേണ്ടത് നമ്മുടെ കടമയാണ്. ഇതിനായി യുവജനദിനമായ ജൂലൈ 8 ഞായറാഴ്ച ദിവ്യബലിയിലെ സ്തോത്രക്കാഴ്ചയുടെ പകുതി തുക ഇടവകയിലെ യുവജനശുശ്രൂഷാ സമിതി പ്രവർത്തനങ്ങൾക്കായും ബാക്കി തുക രൂപതാ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി രൂപതാ കൂരിയായിൽ നൽകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

കേരള കത്തോലിക്കാസഭയിലെ മൂന്ന് വ്യക്തിഗത സഭകളിലെ യുവജനങ്ങൾക്കായി സ്ഥാപിച്ചിരിക്കുന്ന ഔദ്യോഗിക യുവജനപ്രസ്ഥാനമായ കെ. സി. വൈ. എം. എല്ലാ യുവജന സംഘടനകളോടും കൈകോർത്ത് യുവജനവർഷത്തെ ഏറ്റവും ഫലപ്രദമാക്കുവാൻ പരിശ്രമിക്കുന്നു. യുവജനസഭയേയും, അതിന്റെ കർമ്മപരിപാടികളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒക്ടോബറിൽ റോമിൽ വച്ചു നടക്കുന്ന യുവജനസിനഡ്, കേരള സഭയിലെ യുവജന വർഷാചരണം, എല്ലാ യുവജനസംഘടനകളുടെയും പ്രവർത്തനം എന്നിവ വഴി സഭയിൽ യുവജനങ്ങളുടെ ആത്മീയ നവോത്ഥാനവും പ്രേഷിതമുന്നേറ്റവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കാം. ഏവർക്കും യുവജനവർഷ ആശംസകൾ നേർന്നുകൊണ്ട്,

പൈതൃകാശിസ്സുകളോടെ,

ഈശോ മറിയത്തിൽ,

**✠ പോൾ ആന്റണി മുല്ലശ്ശേരി**

28-06-2018

കൊല്ലം മെത്രാൻ

---

**N.B.**: *ഈ ഇടയലേഖനം 2018 ജൂലൈ 1-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*